(ഡി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ തീരുമാനം നടപ്പാക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഇ) കുറ്റാന്വേഷണ വിഭാഗത്തിനായി പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോലീസ് സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം സിറ്റിയിലെ 17 പോലീസ് സ്റ്റേഷനുകളിൽ ക്രൈം ഇൻവെസ്റ്റിഗേഷൻ, ക്രമസമാധാനപാലനം എന്നിവ ഓരോ എസ്.ഐ.-മാരുടെ ചുമതലയിൽ രണ്ടുവിഭാഗങ്ങളിലായി പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു.

(ബി) പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രോപ്പർട്ടി ഒഫൻസിന്റെ അന്വേഷണത്തിനുമാത്രമായി തിരുവനന്തപുരം സിറ്റി ജില്ലയിലെ 17 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ക്രൈം ബ്യൂറോ വിഭാഗം പ്രവർത്തിച്ചുവരുന്നു.

(സി&ഡി) പോലീസ് സ്റ്റേഷനുകളിൽ ക്രൈം, ലാ ആന്റ് ഓർഡർ എന്നിവ രണ്ടു വിഭാഗമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇവ നടപ്പിലാക്കിയിട്ടുണ്ട്. വിജയമെന്നുകണ്ടാൽ കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽകൂടി വ്യാപിപ്പിക്കുന്നതാണ്.

(ഇ) കുറ്റാന്വേഷണ വിഭാഗത്തിൽ പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ നിലവിലില്ല.

കലാലയ രാഷ്ട്രീയം നിയന്ത്രിക്കാനും പരിഷ്ക്കരിക്കാനും നടപടി

44 (4479) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാലയ രാഷ്ട്രീയം നിയന്ത്രിക്കാനും പരിഷ്ക്കരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കലാലയ രാഷ്ട്രീയം നിരോധിക്കാൻ ഉദ്ദേശമില്ല. എന്നാൽ നിലവിലുള്ള കോളേജ് ഇലക്ഷൻ രീതി പാർലമെന്ററി മാതൃകയിൽ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly